2026
SEPTEMBER
26
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



## പിഎം സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന

# ആനുകൂല്യങ്ങൾ ആകർഷകമാക്കാൻ വിവിധ സംസ്ഥാനങ്ങൾ

**ന്യൂദൽഹി:** പിഎം സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജനയ്ക്ക് കീഴിലെ ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കാൻ വിവിധ സംസ്ഥാനങ്ങൾ. പുരപ്പുറ സോളാർ ഉപയോഗം വ്യാപകമാക്കാനായി നരേന്ദ്ര മോദി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുകയും അതിവേഗം ജനപ്രിയമായി മാറിയതുമായ പദ്ധതിയാണ് പിഎം സൂര്യഘർ. നിലവിൽ പിഎം സൂര്യ ഘർ മുഫ്ത് ബിജ്!ലി യോജന പ്രകാരം 3 വിഭാഗങ്ങളിലായാണ് ഉപഭോക്താക്കൾക്ക് സബ്സിഡി ലഭിക്കുക. ഒരു കിലോവാട്ട് സോളർ സിസ്റ്റം വയ്ക്കുന്നവർക്ക് 30,000 രൂപവരെ. 2 കിലോവാട്ടിന് 60,000 രൂപവരെ. 3 കിലോവാട്ടിന് പരമാവധി 78,000 രൂപ. നിലവിൽ ഇന്ത്യയിൽ 58.52 ലക്ഷം വീടുകളിൽ പദ്ധതിപ്രകാരം സോളർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. 17,284.3 മെഗാവാട്ടാണ് ഇതുപ്രകാരം വൈദ്യുതി ഉൽപാദനശേഷിയെന്ന് കേന്ദ്ര പുനരുപയോഗ ഊർജ മന്ത്രാലയത്തിന്റെ കണക്ക് പറയുന്നു.

32,657.67 കോടി രൂപ സബ്സിഡിയായും ഉപയോക്താക്കൾക്ക് കേന്ദ്രം നൽകി. ഡൽഹി, ബിഹാർ, തമിഴ്നാട് സർക്കാരുകളാണ് ഇപ്പോൾ പിഎം സൂര്യ ഘർ പദ്ധതിയിൽ സംസ്ഥാനത്തിന്റെ ഭാഗത്തുനിന്ന് കൂടുതൽ ആകർഷക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്. ഡൽഹി സർക്കാർ പ്രതിമാസം 400 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന 2.25 ലക്ഷം കുടുംബങ്ങൾക്ക് 3 കിലോവാട്ട് വരെ ശേഷിയുള്ള സോളാർ പാനൽ സൗജന്യമായി സ്ഥാപിച്ച് നൽകും.

ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം എന്ന രീതിയിലാണ് സൗജന്യമായി സോളർ പാനലുകൾ ലഭ്യമാക്കുക. ഇതിനായി പ്രത്യേക പോർട്ടലും ഡൽഹി സർക്കാർ തുറന്നു. സംസ്ഥാനത്തെ പുരപ്പുറ സോളർ സബ്സിഡി വിഹിതം പിഎം സൂര്യഘർ പദ്ധതിയിൽ ഇരട്ടിയാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രം പരമാവധി 78,000 രൂപയാണ് നൽകുന്നത്. ഡൽഹി സർക്കാരും 78,000 രൂപവരെ നൽകും. ഇതോടെ ഉപയോക്താവിന് 1.56 ലക്ഷം രൂപവരെ നേടാം.

ദൽഹിയിൽ നിലവിൽ 18,846 വീടുകളിൽ മാത്രമാണ് പിഎം സൂര്യഘർ പ്രകാരം പുരപ്പുറ സോളാർ ഉള്ളത്. സ്ഥാപിതശേഷി 57.15 മെഗാവാട്ട്. 88.41 കോടി രൂപ സബ്സിഡിയും വിതരണം ചെയ്തു. പിഎം സൂര്യഘറിൽ സംസ്ഥാനം പ്രഖ്യാപിച്ച 'ടോപ് അപ്പ് സബ്സിഡി' ആനുകൂല്യം ഗ്രൂപ്പ് ഹൗസിങ് സൊസൈറ്റികൾക്കും ലഭിക്കും. ബിഹാർ ആണ് അധിക സബ്സിഡി പ്രഖ്യാപിച്ച മറ്റൊരു സംസ്ഥാനം. കേന്ദ്ര വിഹിതത്തിനൊപ്പം സംസ്ഥാനം 20,000 രൂപ കൂടിച്ചേർത്ത് 98,000 രൂപയാക്കി.

പരമാവധി 22,000 രൂപ സംസ്ഥാന വിഹിതമായി ചേർത്ത് മൊത്തം സബ്സിഡി ഒരുലക്ഷം രൂപയാക്കുകയാണ് തമിഴ്നാട്ടിലെ സർക്കാർ ചെയ്തത്. തമിഴ്നാട്ടിൽ 1.15 ലക്ഷം വീടുകളിലാണ് പിഎം സൂര്യഘർ പ്രകാരം സോളർ പാനലുള്ളത്. 362.97 മെഗാവാട്ടാണ് സ്ഥാപിതശേഷി. സബ്സിഡി നേടിയത് 669.33 കോടി രൂപ. ബിഹാറിൽ 31,681 വീടുകളിൽ പുരപ്പുറ സോളറുണ്ട്. 111.78 മെഗാവാട്ടാണ് സ്ഥാപിതശേഷി. സബ്സിഡി നേടിയത് 194.92 കോടി രൂപ.

രാജ്യത്ത് ഏറ്റവും മുൻനിരയിലും ദക്ഷിണേന്ത്യയിൽ ഒന്നാമതുമായ കേരളത്തിൽ 3.65 ലക്ഷം വീടുകളിലാണ് പിഎം സൂര്യഘർ പ്രകാരം പുരപ്പുറ സോളർ സംവിധാനമുള്ളത്. 1383.77 മെഗാവാട്ടാണ് സ്ഥാപിത ഉൽപാദനശേഷി. 2321.45 കോടി രൂപ സബ്സിഡിയും നേടി. തൊട്ടടുത്തുള്ള ആന്ധ്രപ്രദേശിൽ 4.11 ലക്ഷം വീടുകളിൽ പുരപ്പുറ സോളാർ ഉണ്ടെങ്കിലും സ്ഥാപിതശേഷി 1148.4 മെഗാവാട്ട് ആണ്. സബ്സിഡി നേട്ടം 2160.36 കോടി രൂപ.

# കോലഞ്ചേരി എം.ഒ.എസ്.സി മെഡിക്കൽ കോളേജിൽ ട്രോമസികോൺ2026 തുടങ്ങി

## ഉദ്ഘാടനം ഇന്ന് മന്ത്രി കെ.മുരളീധരൻ നിർവ്വഹിക്കും

**കോലഞ്ചേരി:** കേരളത്തിൽ ആദ്യമായി നടക്കുന്ന ട്രോമസികോൺ2026ന് കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജിൽ തുടക്കമായി.

'ഇന്ത്യൻ അസോസിയേഷൻ ഓഫ് ട്രോമ ആൻഡ് ക്രിട്ടിക്കൽ കെയർ'ന്റെ 13ാമത് ദേശീയ സമ്മേളനത്തിനും(ട്രോമസികോൺ2026),അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യ (എഎസ്ഐ)കേരള ചാപ്റ്ററിന്റെ വാർഷിക സി.എം.ഇ പ്രോഗ്രാമിനും കോലഞ്ചേരി മെഡിക്കൽ കോളജിലെ ജനറൽ സർജറി, ക്രിട്ടിക്കൽ കെയർ, എമർജൻസി മെഡിസിൻ വിഭാഗങ്ങൾ സംയുക്തമായാണ് അതിഥേയത്വം വഹിക്കുന്നത്.

ട്രോമസികോൺ2026ന്റെ ഔദ്യോഗിക ഉദ്ഘാടനം ഇന്ന് രാവിലെ 11ന് സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി കെ.മുരളീധരൻ നിർവ്വഹിക്കും.

പ്രതീക്ഷിക്കാതെ ഉണ്ടാകുന്ന ട്രോമ, എമർജൻസി സാഹചര്യങ്ങളെ നേരിടാൻ ആശുപത്രികളെയും ആരോഗ്യ പ്രവർത്തകരെയും സജ്ജരാക്കുക, മെഡിക്കൽ രംഗത്തെ സാങ്കേതിക മുന്നേറ്റങ്ങൾ പ്രയോജനപ്പെടുത്തി രോഗീപരിചരണം കൂടുതൽ മെച്ചപ്പെടുത്തുക എന്നിവയാണ് ഈ സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം.

സമ്മേളനത്തിന്റെ ഭാഗമായി നടന്ന പ്രീകോൺഫറൻസ് വർക്ക്ഷോപ്പിൽ കുടൽ, രക്തധമനി സർജറികൾ, കടാവറിക് പരിശീലനം, ട്രോമ പരിചരണത്തിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, പോയിന്റ് ഓഫ് കെയർ അൾട്രാസൗണ്ട്, എയർവേ മാനേജ്മെന്റ് തുടങ്ങിയ 6 മേഖലകളിൽ വിദഗ്ധരുടെ നേതൃത്വത്തിൽ പ്രായോഗിക പരിശീലനം നൽകി.

ഡോക്ടർമാരും പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികളും അടക്കം 150ഓളം പേർ പങ്കെടുത്ത ഈ വർക്ക്ഷോപ്പിൽ 35ഓളം പ്രമുഖ വിദഗ്ധരാണ് പരിശീലനം നയിച്ചത്.

തുടർന്ന് വരുന്ന ദിവസങ്ങളിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖ സർജന്മാർ, ക്രിട്ടിക്കൽ കെയർഎമർജൻസി ഡോക്ടർമാർ എന്നിവർ പങ്കെടുക്കുന്ന പാനൽ ചർച്ചകൾ, ഡിബേറ്റുകൾ, പ്രബന്ധ അവതരണങ്ങൾ എന്നിവയും സർജറി പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികൾക്കായി പ്രത്യേക ക്ലിനിക്കൽ പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

ട്രോമ കെയർ രംഗത്തെ നൂതന പ്രവണതകളും വെല്ലുവിളികളും ചർച്ച ചെയ്യുന്ന ഈ സമ്മേളനത്തിന്റെ പ്രധാന ആകർഷണം വിദഗ്ദ്ധർ പങ്കെടുക്കുന്ന മെഡിക്കോലീഗൽ പാനൽ ചർച്ചയാണ്.

ട്രോമ, ക്രിട്ടിക്കൽ കെയർ രംഗത്തെ പുതിയ മുന്നേറ്റങ്ങൾ എന്നിവയെക്കുറിച്ച് വരും ദിവസങ്ങളിൽ കൂടുതൽ ചർച്ചകൾ നടക്കുമെന്ന് ഇന്ത്യൻ അസോസിയേഷൻ ഓഫ് ട്രോമ ആൻഡ് ക്രിട്ടിക്കൽ കെയർ പ്രസിഡന്റ് ഡോ. രാജശേഖർ മോഹൻ, എ.എസ്.ഐ കേരള ചാപ്റ്റർ സെക്രട്ടറി ഡോ. ആർ.പി.രെഞ്ചിൻ, ട്രോമസികോൺ2026 ഓർഗനൈസിംഗ് ചെയർമാൻ ഡോ. വർഗീസ് പോൾ എന്നിവർ പറഞ്ഞു.




# അഡ്വാൻസ്ഡ് ന്യൂറോ റീഹാബ് സെന്റർ ആരംഭിച്ച് ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** രോഗങ്ങളോ പരിക്കുകളോ മൂലം പ്രയാസപ്പെടുന്ന രോഗികൾക്ക് ചലനശേഷിയും സ്വയംപര്യാപ്തതയും ആത്മവിശ്വാസവും തിരികെ നൽകുന്നതിനായി, പാരമ്പര്യ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ രീതികളും ആധുനിക ന്യൂറോറീഹാബിലിറ്റേഷൻ സാങ്കേതികവിദ്യകളും കോർത്തിണക്കി 'ആസ്റ്റർ പി.എം.ആർ – അഡ്വാൻസ്ഡ് ന്യൂറോ റീഹാബ് സെന്റർ' ആസ്റ്റർ മെഡ്സിറ്റി ആരംഭിച്ചു. ഉന്നതവിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ പുതിയ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.




ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷന്റെ പ്രാധാന്യത്തെക്കുറിച്ചും ന്യൂറോ റീഹാബിലിറ്റേഷനിൽ ഇത് തുറന്നുനൽകുന്ന പുതിയ സാധ്യതകളെക്കുറിച്ചും സംസാരിക്കവെ, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ ലീഡ് & സീനിയർ കൺസൾട്ടന്റ് ഡോ. കെ. എം. മാത്യു, റീഹാബിലിറ്റേഷൻ എന്നത് ചികിത്സയുടെ അവസാന ഘട്ടമല്ലെന്നും മറിച്ച് രോഗിയുടെ ജീവിതത്തിലേക്കുള്ള തിരിച്ചുവരവിന്റെ തുടക്കമാണെന്നും വ്യക്തമാക്കി.

ആസ്റ്റർ ഡി.എം ക്വാളിറ്റി കെയർ ലിമിറ്റഡ് സെൻട്രൽ കേരള റീജിയണൽ സിഇഒ ഡോ. നളന്ദ ജയദേവ്, ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. ശുഹൈബ് ഖാദർ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. ടി. ആർ. ജോൺ, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ സീനിയർ കൺസൾട്ടന്റ് ഡോ. സക്കറിയ ടി. സക്കറിയ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.



കെ.വി.വി.ഇ.എസ് എറണാകുളം നിയോജക മണ്ഡലം ഭാരവാഹി പുനഃസംഘടന യോഗം ജില്ലാ വ്യാപാര ഭവനിൽ ജില്ലാ പ്രസിഡന്റ് പി.സി. ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു.എഡ്വേർഡ് ഫോസ്റ്റസ്, സി.എസ്.രാമചന്ദ്രൻ, ജിമ്മി ചകൃത്ത്, എം.സി.പോൾസൺ, പി.എ.കബീർ, ഷാജഹാൻ അബ്ദുൾ ഖാദർ, കെ.ടി.ജോയി, പ്രദീപ് ജോസ്, അബ്ദുൾ ഷുക്കൂർ, ജയ പീറ്റർ എന്നിവർ സമീപം.

# യു.പി.ഐ. ഇടപാടുകൾക്ക് യൂസർ ഫീ ഈടാക്കാനുള്ള തീരുമാനം പിൻവലിക്കണം: കെ.വി.വി.ഇ.എസ്. എറണാകുളം നിയോജക മണ്ഡലം കമ്മിറ്റി

**കൊച്ചി:** യുപിഐ വഴിയുള്ള വ്യാപാര ഇടപാടുകൾക്ക് യൂസർ ഫീ ഈടാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം പിൻവലിക്കണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ.വി.വി.ഇ.എസ്.) എറണാകുളം നിയോജക മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.

യു.പി.ഐ. ഇടപാടുകൾ വ്യാപാര രംഗത്ത് വ്യാപകമായി ഉപയോഗിക്കുന്ന സാഹചര്യത്തിൽ, ഇത്തരം ഇടപാടുകൾക്ക് അധിക ഫീസ് ഏർപ്പെടുത്തുന്നത് വ്യാപാരികൾക്കും ഉപഭോക്താക്കൾക്കും ഒരുപോലെ അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെന്ന് യോഗം ചൂണ്ടിക്കാട്ടി. ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങളുടെ വ്യാപനം പ്രോത്സാഹിപ്പിക്കുന്നതിന് പകരം അധിക ചാർജ് ഏർപ്പെടുത്താനുള്ള നീക്കം പുനഃപരിശോധിക്കണമെന്നും കമ്മിറ്റി ആവശ്യപ്പെട്ടു.ജില്ലാ വ്യാപാര ഭവനിൽ നടന്ന എറണാകുളം നിയോജക മണ്ഡലം കമ്മിറ്റി ഭാരവാഹി പുനഃസംഘടനാ യോഗം കെ.വി.വി.ഇ.എസ്. ജില്ലാ പ്രസിഡന്റ് പി.സി. ജേക്കബ് ഉദ്ഘാടനം ചെയ്തു. ജില്ലാ ജനറൽ സെക്രട്ടറി സി.എസ്. രാമചന്ദ്രൻ, ട്രഷറർ പി.എ.കബീർ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചകൃത്ത്, വർക്കിംഗ് ജനറൽ സെക്രട്ടറി ഷാജഹാൻ അബ്ദുൾ ഖാദർ, ജില്ലാ സെക്രട്ടറി കെ.ടി. ജോയി എന്നിവർ സംസാരിച്ചു.ഭാരവാഹി പുനഃസംഘടനയുടെ ഭാഗമായി എറണാകുളം നിയോജക മണ്ഡലം പ്രസിഡന്റായി എം.സി. പോൾസണും, ജനറൽ സെക്രട്ടറിയായി എഡ്വേർഡ് ഫോസ്റ്റസും, ട്രഷററായി അബ്ദുൾ ഷുക്കൂറും ചുമതലയേറ്റു.

# അമലയിൽ മെഡിക്കൽ ബിരുദദാനം

**തൃശൂർ:** അമലയിൽ പഠനം പൂർത്തിയാക്കിയ ഇരുപതാമത്തെ ബാച്ച് മെഡിക്കൽ വിദ്യാർഥികളുടെ ബിരുദദാനം ഇൻസെപ്ഷോ കൊച്ചി വിപിഎസ് ലേക്ഷോർ ഹോസ്പിറ്റലിലെ സീനിയർ കാൻസർ ചികിത്സാവിദഗ്ധൻ ഡോ.വി.പി. ഗംഗാധരൻ നിർവഹിച്ചു.

ദേവമാത പ്രൊവിൻഷ്യാൾ ഫാ.ഡോ. ജോസ് നന്തിക്കര അധ്യക്ഷനായി. ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, അസോസിയേറ്റ് ഡയറക്ടർ ഫാ.ഡോ. ആൻറണി മണ്ണുമ്മേൽ, പ്രിൻസിപ്പൽ ഡോ. ബെറ്റ്സി തോമസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. രാജേഷ് ആൻറോ, സ്റ്റാഫ് അഡ്വൈസർ ഡോ. സോജൻ ജോർജ്, പിടിഎ പ്രസിഡൻറ് ഡോ. അനൂപ് കുമാർ, ഡോ. അബിനു എന്നിവർ പ്രസംഗിച്ചു. 98 പേർ ബിരുദം സ്വീകരിച്ചു.

# കോട്ടയം ആകാശപ്പാത നിർമാണം പുനരാരംഭിക്കാൻ തീരുമാനം

**കോട്ടയം:** ആകാശപ്പാതയുടെ നിർമാണം പുനരാരംഭിക്കാൻ തിരുവനന്തപുരത്തു ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനമായി. കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകാൻ റോഡ് സേഫ്റ്റി മിഷന്റെ പ്രധാന പദ്ധതിയായി ആകാശപ്പാത നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് മന്ത്രി സി.പി.ജോൺ പറഞ്ഞു. ഈ വർഷത്തെ ബജറ്റിൽ 15 കോടി രൂപ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ടെന്നും ബാക്കി തുക പ്ലാനിങ് ബോർഡിനോട് ആവശ്യപ്പെടാവുന്നതാണെന്നും മന്ത്രി പറഞ്ഞു. പദ്ധതി രൂപരേഖയ്ക്ക് അന്തിമരൂപം നൽകാൻ 30ന് കോട്ടയം കലക്ടറേറ്റിൽ യോഗം ചേരും. സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഗതാഗത വകുപ്പ് സെക്രട്ടറി ഉൾപ്പെടെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്തു.



# 14 ജില്ലകളിലും ഗിഗ് തൊഴിലാളികൾക്ക് വിശ്രമകേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കും: മന്ത്രി ബിന്ദു കൃഷ്ണ

**തിരുവനന്തപുരം:** ഗിഗ് തൊഴിലാളികൾക്കായി ആരംഭിച്ച 'ഗിഗോൺ' വിശ്രമകേന്ദ്രങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസ്ഥാനത്തെ ഗിഗ് തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി 14 ജില്ലകളിലും വിശ്രമ കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ. ഗിഗ് തൊഴിലാളികൾക്കായി തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന പുതിയ ക്ഷേമപദ്ധതിയായ ഗിഗോൺ വിശ്രമകേന്ദ്രങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് വാൻറോസ് ജംഗ്ഷനിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ആദ്യഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലാണ് 'ഗിഗോൺ' കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചത്. ദിവസവും രാവിലെ 8 മണി മുതൽ രാത്രി 10 മണി വരെ രണ്ട് ഷിഫ്റ്റുകളിലായാണ് ഇവിടം പ്രവർത്തിക്കുക. ഓരോ ഷിഫ്റ്റിലും രണ്ട് ജീവനക്കാരെ വീതം മേൽനോട്ടത്തിനായി നിയോഗിച്ചിട്ടുണ്ട്. നൂറു ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയ പദ്ധതിക്കായി ഒരു കോടി രൂപയാണ് സർക്കാർ അനുവദിച്ചത്.

തൊഴിലാളികൾക്ക് വിശ്രമിക്കാനുള്ള കസേരകൾ, ശുചിമുറി, കുടിവെള്ളം, ഭക്ഷണം കഴിക്കാനുള്ള സൗകര്യം, വൈ ഫൈ, മൊബൈൽ ചാർജിങ് തുടങ്ങിയ എല്ലാ സൗകര്യങ്ങളും പൂർണ്ണമായും സൗജന്യമായി ലഭ്യമാകും. അടുത്ത ഘട്ടത്തിൽ കൂടുതൽ ജില്ലകളിലേക്ക് 'ഗിഗോൺ' കേന്ദ്രങ്ങൾ വ്യാപിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

തൊഴിൽ വകുപ്പ് എന്നത് ഓഫീസ് പ്രവർത്തനങ്ങളിലോ ഫയലുകളിലോ മാത്രം ഒതുങ്ങുന്ന ഒന്നല്ല. തൊഴിലാളികളുടെ വേതനപ്രശ്നങ്ങൾ, ജോലി നഷ്ടപ്പെടൽ, സുരക്ഷാ ആശങ്കകൾ, അടിസ്ഥാന സൗകര്യങ്ങളുടെ നിഷേധം എന്നിവ ഉണ്ടാകുമ്പോഴെല്ലാം അവരെ ചേർത്തുപിടിക്കാനും പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാനും മുന്നിലുണ്ടാകും. കേരളത്തെ തൊഴിലുടമ, തൊഴിലാളി സൗഹൃദവുമായ ഇടമായി മാറ്റുകയാണ് സർക്കാർ ലക്ഷ്യമെന്നും മന്ത്രി കൂട്ടി ചേർത്തു.

ചടങ്ങിൽ വാർഡ് കൗൺസിലർ സി. ഹരികുമാർ, ലേബർ കമ്മീഷണർ സഫ്ന നസറുദീൻ, അഡീഷണൽ ലേബർ കമ്മീഷണർ ബിച്ചു ബാലൻ, വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ, വിവിധ പ്ലാറ്റ്ഫോമുകളിൽ നിന്നുള്ള ഗിഗ് തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു.





# സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കും: മന്ത്രി കെ.മുരളീധരൻ

**തിരുവനന്തപുരം:**സർക്കാർ ആശുപത്രികളിലെ അമിത ജോലിഭാരം കുറയ്ക്കുന്നതിനായി 1960കളിലെ പഴയ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ സർക്കാർ തീരുമാനിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ. ധനകാര്യ വകുപ്പിന്റെ സഹകരണത്തോടെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കുമെന്നും പ്രൈമറി ഹെൽത്ത് സെന്ററുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ പുതിയ നിയമനങ്ങൾ നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതിയ ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ തറക്കല്ലിടൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനൊപ്പമാണ് പുതിയ തസ്തികകളും സൃഷ്ടിക്കുന്നത്. ജില്ലാ, ജനറൽ ആശുപത്രികളിൽ 24 മണിക്കൂർ സ്പെഷ്യാലിറ്റി സേവനം ഏർപ്പെടുത്തിയപ്പോൾ ഡോക്ടർമാരുടെ സംഘടനകൾ ആശങ്കകൾ പ്രകടിപ്പിച്ചിരുന്നതായും അവരുമായി സംസാരിച്ച് പരിഹാരങ്ങൾ തുടങ്ങിയതായും മന്ത്രി അറിയിച്ചു.

സർക്കാർ ആശുപത്രികളിൽ മരുന്നുകൾ പൂർണമായും ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും ആശുപത്രികളുടെ സേവനങ്ങളെ തരംതാഴ്ത്തിക്കാട്ടാനുള്ള ശ്രമങ്ങളെ പ്രതിരോധിക്കണമെന്നും മന്ത്രി വ്യക്തമാക്കി. എക്കാലത്തും സാധാരണക്കാരുടെ പ്രധാന ആശ്രയം സർക്കാർ ആശുപത്രികളാണെന്നും മികച്ച സൗകര്യങ്ങൾ ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

ആശുപത്രികളിൽ മരുന്ന് ലഭ്യത ഉറപ്പാക്കാൻ അടിയന്തര നടപടികളാണ് സ്വീകരിക്കുന്നത്. അത്യാവശ്യമായ 855 മരുന്നുകളിൽ 664 എണ്ണത്തിനും പർച്ചേസ് ഓർഡർ നൽകിക്കഴിഞ്ഞു. ഇതിൽ 530ലധികം മരുന്നുകൾ നിലവിൽ ലഭ്യമാണ്. ബാക്കിയുള്ളവയ്ക്കായി വീണ്ടും ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ആസ്പിരിൻ, ഡോക്സിസൈക്ലിൻ എന്നിവ ഈ മാസം അവസാനത്തോടെയും, ബാക്കി മുഴുവൻ മരുന്നുകളും ഒക്ടോബർ ആദ്യവാരത്തോടെയും പൂർണതോതിൽ ആശുപത്രികളിൽ ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു.

എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് വഴി നിർമിക്കുന്ന പുതിയ ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ പ്രവൃത്തികൾ 18 മാസത്തിനകം പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് അടിയന്തര വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കുന്നതിനായി 36,000 ചതുരശ്രയടി വിസ്തീർണത്തിൽ മൂന്ന് നിലകളായാണ് പുതിയ ബ്ലോക്ക് നിർമിക്കുന്നത്. ഭാവിയിൽ രണ്ട് നിലകൾ കൂടി നിർമിക്കാവുന്ന രീതിയിലാണ് ഇതിന്റെ രൂപകല്പന.

കാഷ്വാൽറ്റി, മെറ്റേണിറ്റി വാർഡ്, ലേബർഡെലിവറി റിക്കവറി യൂണിറ്റുകൾ, എക്സ്റേ, അൾട്രാ സൗണ്ട് സ്കാനിംഗ്, മൈനർ ഓപ്പറേഷൻ തിയേറ്റർ എന്നിവയാണ് ഗ്രൗണ്ട് ഫ്ളോറിൽ ഉൾപ്പെടുന്നത്. ഒന്നാം നിലയിൽ ഡയാലിസിസ് യൂണിറ്റ്, ഐസൊലേഷൻ മുറികൾ, വിവിധ വാർഡുകളും രണ്ടാം നിലയിൽ ഇന്റൻസീവ് കെയർ യൂണിറ്റ്, ഹൈ ഡിപ്പൻഡൻസി യൂണിറ്റ്, ഓപറേഷൻ തിയേറ്റർ കോംപ്ലക്സ് എന്നിവ ഉൾപ്പെടെ ഗുരുതര പരിചരണത്തിനും ശസ്ത്രക്രിയ സേവനങ്ങൾക്കുമുള്ള സൗകര്യങ്ങളുമാണ് ഒരുക്കുന്നത്.

നിർമാണ പ്രവർത്തനങ്ങൾക്കും മറ്റ് അനുബന്ധ സേവനങ്ങൾക്കുമായി എച്ച്.എൽ.എല്ലിന് 20.97 കോടി രൂപയും മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം, മോഡുലാർ ഓപറേഷൻ തിയേറ്റർ ഫർണിഷിങ്,ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നിവയ്ക്കായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 2.78 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

മെഡിക്കൽ കോളേജ് പഴയ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ ഡോ. കെ.വി വിശ്വനാഥൻ, ആരോഗ്യ കേരളം മിഷൻ ഡയറക്ടർ ഡോ. രേണുരാജ്, ഡി.പി.എം ഡോ. അർനോൾഡ് ദീപക്, മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. സി.ജി ജയചന്ദ്രൻ, പ്രിൻസിപ്പാൾ ഡോ. രഞ്ജു രവീന്ദ്രൻ തുടങ്ങിയവരും പങ്കെടുത്തു.

# ലോക ഫാർമസിദിനം ആഘോഷിച്ചു

**തൃശൂർ:** ലോക ഫാർമസി ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിൽ ആഘോഷപരിപാടികൾ സംഘടിപ്പിച്ചു. ആരോഗ്യകരമായ ഭാവിക്കായി ഫാർമസിസ്റ്റുകളെ ശക്തീകരിക്കാം എന്നതായിരുന്നു ഈ വർഷത്തെ ദിനാചരണ പ്രമേയം. ജൂബിലി മിഷൻ ആശുപത്രി സിഇഒ ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, അസിസ്റ്റൻറ് ഡയറക്ടർമാരായ ഫാ. സിന്റോ കാരെപറമ്പൻ, ഫാ. ഡെമിൻ തറയിൽ, ഫാർമസി ഇൻചാർജ് സിസ്റ്റർ ജീസ് എന്നിവർ പ്രസംഗിച്ചു.

# സാക്ഷരതാ തുടർവിദ്യാഭ്യാസപദ്ധതി അവലോകനയോഗം ചേർന്നു

**പാലക്കാട്:** ജില്ലയിലെ സാക്ഷരതാ തുടർവിദ്യാഭ്യാസപദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ചർച്ച ചെയ്യുന്നതിനും ജില്ലയിലെ നോഡൽ പ്രേരകുമാരുടെയും പത്താംതരം, ഹയർ സെക്കൻഡറി തുല്യത സെൻറർ കോഓർഡിനേറ്റർമാരുടെ യോഗം ജില്ലാ പഞ്ചായത്ത് ഹാളിൽ ചേർന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് എസ്.ബി. രാജു ഉദ്ഘാടനം ചെയ്തു.

തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടർ എം. രാമൻകുട്ടി അധ്യക്ഷനായി. സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ.എ.പി. അഹമ്മദുൾ കബീർ മുഖ്യപ്രഭാഷണം നടത്തി. സാക്ഷരതാമിഷൻ ജില്ലാ കോഓർഡിനേറ്റർ ഡോ. മനോജ് സെബാസ്റ്റ്യൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ.കെ. വിമൽരാജ് , അസിസ്റ്റൻറ് കോഓർഡിനേറ്റർ പി.വി. പാർവതി, സാക്ഷരതാ സമിതി അംഗം ഒ. വിജയൻ മാസ്റ്റർ, നോഡൽ പ്രേരക് ആർ. സന്തോഷ് തുടങ്ങിയവർ പങ്കെടുത്തു.

# കർഷക സുരക്ഷാ കോൺക്ലേവ് ചേർന്നു

**തിരുവമ്പാടി:** തിരുവമ്പാടിയിൽ നടക്കുന്ന കർഷക സുരക്ഷ സംസ്ഥാന കോൺക്ലേവിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ സബ് കമ്മിറ്റികളുടെ യോഗം തിരുവമ്പാടി പഞ്ചായത്ത് ഹാളിൽ ചേർന്നു. പഞ്ചായത്ത് പ്രസിഡൻറ് ജിതിൻ പല്ലാട്ട് അധ്യക്ഷത വഹിച്ചു.

കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ അജയ് അലക്സ്, കൊടുവള്ളി കൃഷി അസി. ഡയറക്ടർ ഡോ. പ്രിയ മോഹൻ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ മനോജ് സെബാസ്റ്റ്യൻ വാഴെപ്പറമ്പിൽ, പുതുപ്പാടി പഞ്ചായത്ത് പ്രസിഡൻറ് ബിജു താനിക്കാക്കുഴി, പഞ്ചായത്ത് അംഗങ്ങളായ ബോസ് ജേക്കബ്, സോണി മണ്ഡപത്തിൽ, ബ്ലോക്ക് പഞ്ചായത്ത് ചെയർമാൻ ജോബി ഇലന്തൂർ എന്നിവർ പങ്കെടുത്തു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡൻറുമാർ, വൈസ് പ്രസിഡൻറുമാർ, കൃഷിവകുപ്പ് അസി. ഡയറക്ടർമാർ എന്നിവർ ചെയർമാൻമാരും വൈസ് ചെയർമാൻമാരും കൺവീനർമാരുമായ വിവിധ സബ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി.

# തൊഴിൽശേഷിയെ സംരംഭകത്വമാക്കി മാറ്റുന്ന വിദ്യാഭ്യാസ അന്തരീക്ഷം ലക്ഷ്യമിടണം: മുഖ്യമന്ത്രി



**മൂവാറ്റുപുഴ:** അറിവിനെ തൊഴിൽ ശേഷിയാക്കി, തൊഴിൽശേഷിയെ സംരംഭകത്വമാക്കി മാറ്റുന്ന വിദ്യാഭ്യാസ അന്തരീക്ഷമാണ് കേരളം ലക്ഷ്യമിടേണ്ടതെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജ് രജതജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

യുവാക്കളുടെ കഴിവുകളെയും സാങ്കേതിക വൈദഗ്ധ്യത്തെയും കേരളത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്ന അവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. യുവജനങ്ങൾക്കായി വലിയ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. വരുംതലമുറകളുടെ സുരക്ഷിതമായ ഭാവി ഉറപ്പാക്കുക എന്നത് സർക്കാരിന്റെ പ്രധാന ദൗത്യങ്ങളിലൊന്നാണ്.

സാങ്കേതികവിദ്യയുടെ അതിവേഗ വളർച്ചയും അറിവിൻറെ വേഗത്തിലുള്ള വികാസവും കണക്കിലെടുത്ത് വിദ്യാഭ്യാസരംഗവും കാലാനുസൃതമായി മാറേണ്ടതുണ്ട്.

ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, റോബോട്ടിക്സ്, ഡാറ്റാ സയൻസ് തുടങ്ങിയ മേഖലകളിലെ മുന്നേറ്റങ്ങളെ പ്രയോജനപ്പെടുത്തി സാമൂഹിക ആവശ്യങ്ങൾക്ക് പ്രായോഗിക പരിഹാരങ്ങൾ കണ്ടെത്തുന്ന തലമുറയായി യുവാക്കൾ വളരണം. മാറുന്ന കാലത്തിനനുസരിച്ച് പാഠ്യപദ്ധതിയിലും ആവശ്യമായ മാറ്റങ്ങൾ വരുത്തണം. വ്യവസായരംഗത്തും സാങ്കേതികമേഖലയിലും ഉണ്ടാകുന്ന മാറ്റങ്ങൾ വേഗത്തിൽ ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിൽ വിദ്യാർഥികളെ സജ്ജരാക്കണമെന്നും അദ്ദേഹം പറഞ്ഞു.

കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അധ്യക്ഷത വഹിച്ചു. ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ അനുഗ്രഹ പ്രഭാഷണം നടത്തി. രജതജൂബിലി സുവനീർ മുൻ വിദ്യാഭ്യാസ മന്ത്രി പി.ജെ. ജോസഫ് പ്രകാശനം ചെയ്തു. കോളജിന്റെ സ്ഥാപക മാനേജർ ഫാ. തോമസ് മലേക്കുടിയെ മുഖ്യമന്ത്രി ആദരിച്ചു.

എംപിമാരായ ഡീൻ കുര്യാക്കോസ്, കെ. ഫ്രാൻസിസ് ജോർജ്, മാത്യു കുഴൽനാടൻ എംഎൽഎ, മുൻ എംഎൽഎ ജോണി നെല്ലൂർ, കോളജ് മാനേജർ മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ, ഡയറക്ടർ ഫാ. ഡോ. പോൾ പാറത്താഴം, പ്രിൻസിപ്പൽ ഡോ. നവീൻ ജേക്കബ്, വൈസ് പ്രിൻസിപ്പൽ സോമി പി. മാത്യു, ആവോലി പഞ്ചായത്ത് പ്രസിഡൻറ് ജോജി കുറുപ്പുമഠം, വാർഡംഗം രമ്യ ലിയോ, കോളജ് ട്രഷറർ ഡോ. കെ.വി. തോമസ്, വൈസ് പ്രസിഡൻറ് മാത്യു കൊച്ചുമുട്ടം, ജോയിൻറ് സെക്രട്ടറി ഫാ. ജോസ് പുല്ലോപ്പിള്ളിൽ, വി.വി. കുര്യൻ വള്ളമറ്റം, ജോളി ജോർജ് നെടുങ്കല്ലേൽ, സ്റ്റുഡൻറ് യൂണിയൻ പ്രതിനിധി അക്സ ജോൺ തുടങ്ങിയർ പ്രസംഗിച്ചു.

കോളജിന്റെ മുൻ മാനേജർമാരായ ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്, ഫാ.ഡോ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ, ഡയറക്ടർമാരായ ഫാ. ഡോ. ജോർജ് താനത്തുപറമ്പിൽ, ഫാ. പോൾ നെടുമ്പുറത്ത് എന്നിവരെയും ചടങ്ങിൽ ആദരിച്ചു.

# ഫഹദ് ഫാസിലിന്റെ ഡോണ്ട് ട്രബിൾ ദ് ട്രബിളിൽ മോഹൻലാലും

ഫാന്റസിയും തമാശയും ഹൃദയ സ്പർശിയായ മുഹൂർത്തങ്ങളുമായി ഫഹദ് ഫാസിൽ ചിത്രം 'ഡോണ്ട് ട്രബിൾ ദ് ട്രബിൾ' ചിത്രത്തിന്റെ ട്രെയിലർ റിലീസായി. എസ്.എസ്. രാജമൗലി അവതരിപ്പിക്കുന്ന ഫഹദ് ഫാസിൽ ചിത്രം ഫാന്റസി എന്റർടെയ്നറാണ്.

മോഹൻലാലാണ് ചിത്രത്തിന്റെ ട്രെയിലറിൽ അവതരണവുമായി എത്തുന്നത് എന്നത് ശ്രദ്ധേയമാണ്. ഫാൻറസി എന്റർടൈനറായി ഒരുങ്ങിയ ചിത്രം ഒക്ടോബർ 2ന് ആഗോളതലത്തിൽ തിയറ്ററുകളിലെത്തും.

എസ്. എസ്. രാജമൗലി അവതരിപ്പിക്കുന്ന ചിത്രം നവാഗതനായ ശശാങ്ക് യെലേട്ടി ആണ് സംവിധാനം ചെയ്യുന്നത്. ബാഹുബലി ഉൾപ്പെടെയുള്ള ബ്രഹ്മാണ്ഡ ചിത്രങ്ങളുടെ നിർമ്മാതാക്കളായ ആർക്കാ മീഡിയ വർക്ക്സും ചിത്രത്തിന്റെ നിർമാണത്തിൽ പങ്കാളികളാണ്.

ആർക്ക മീഡിയ വർക്ക്സ്, ഷോയിംഗ് ബിസിനസ് എന്നീ ബാനറുകളുടെ കീഴിൽ ഷോബു യാർലഗഡ്ഡ, പ്രസാദ് ദേവിനേനി, എസ്. എസ്. കാർത്തികേയ എന്നിവരാണ് ചിത്രത്തിന്റെ നിർമാതാക്കൾ. കലാമൂല്യമുള്ളതും പ്രേക്ഷകനിരൂപക പ്രശംസകൾ നേടിയ ചിത്രങ്ങൾ മലയാളികൾക്ക് സമ്മാനിച്ച ഭാവനാ സ്റ്റുഡിയോസിന്റെ ഭാവനാ റിലീസ് ഡോണ്ട് ട്രബിൾ ദ് ട്രബിൾ കേരളത്തിലെ തിയറ്ററുകളിലേക്കെത്തിക്കുന്നു. ഫാൻറസി ഫാമിലി എൻറർറ്റൈനെർ ചിത്രമായ ഡോണ്ട് ട്രബിൾ ദി ട്രബിളിൽ തന്റെ പതിവ് ശൈലിയിൽ നിന്നും വ്യത്യസ്തമായ കഥാപാത്രത്തെയാണ് ഫഹദ് ഫാസിൽ ചിത്രത്തിൽ അവതരിപ്പിക്കുന്നത്. ബാലതാരമായ സാറയുടെ പ്രകടനവും ചിത്രത്തിലെ പ്രധാന ആകർഷണങ്ങളിലൊന്നാണ്. ചിത്രം മലയാളം, തെലുങ്ക്, ഹിന്ദി ഭാഷകളിൽ റിലീസാകും. കാലഭൈരവയാണ് ചിത്രത്തിന് സംഗീതവും പശ്ചാത്തല സംഗീതവും ഒരുക്കുന്നത്.ചിത്രത്തിന്റെ സ്ക്രിപ്റ്റ് ഡെവലപ്മെൻറ് എസ്. എസ്. കാഞ്ചിയും, കോറൈറ്റർ ഹംസ അലിയുമാണ്. ബാലാജി സുബ്രഹ്മണ്യം ഛായാഗ്രഹണം നിർവഹിക്കുമ്പോൾ പ്രവീൺ ആൻറണി എഡിറ്റിംഗ് കൈകാര്യം ചെയ്യുന്നു.


സുധൻ കൊറിയോഗ്രഫിയും, രാമ രാജമൗലി കോസ്റ്റ്യൂം ഡിസൈനും സ്റ്റൈലിംഗും നിർവഹിക്കുന്നു.എസ്. എസ്. ശശാങ്ക് എക്സിക്യൂട്ടീവ് പ്രൊഡ്യൂസറും, ഡി. സതീഷ് കുമാർ പ്രൊഡക്ഷൻ എക്സിക്യൂട്ടീവും, രാഹുൽ ഷാലി ലൈൻ പ്രൊഡ്യൂസറും, ഡി. യോഗാനന്ദ് പ്രൊഡക്ഷൻകൺട്രോളറുമാണ്. പി ആർ ഓ : പ്രതീഷ് ശേഖർ.



# ആലിയ ഭട്ടിന്റെ ലവ് ആൻഡ് വാർ

ബോളിവുഡ് സംവിധായകൻ സഞ്ജയ് ലീല ബൻസാലിയുടെ ലവ് ആൻഡ് വാറിന്റെ സെക്കൻഡ് പോസ്റ്റർ പുറത്ത്. ചിത്രത്തിലെ നായിക ആലിയ ഭട്ടിന്റെ ക്യാരക്ടർ ലുക്കാണ് പുറത്തുവന്നത്. രക്തം പുരണ്ട കൈകളുമായി വിന്റേജ് കാറിൽ ഡ്രൈവ് ചെയ്തു പോകുന്ന രൺബീറിന്റെ ലുക്ക് ആണ് ആദ്യം പുറത്തുവന്ന ഫസ്റ്റ് ലുക്ക് പോസ്റ്റർ. അടുത്തതായി വരുന്നത് വിക്കി കൗശലിന്റെ ലുക്ക് ആകും. 2027 ജനുവരി റിലീസായാണ് ചിത്രം തിയറ്ററുകളിലെത്തുക. രണ്ട് പതിറ്റാണ്ടുകൾക്ക് ശേഷമാണ് രൺബീർ കപൂർ സഞ്ജയ് ലീല ബൻസാലിയുടെ ചിത്രത്തിൽ അഭിനയിക്കുന്നത്. 2007ൽ ഇറങ്ങിയ ബൻസാലിയുടെ സാവരിയയിലാണ് രൺബീർ ഏറ്റവും അവസാനം വേഷമിട്ടത്. ഏകദേശം രണ്ടുവർഷക്കാലത്തോളമായി ചിത്രത്തിന്റെ ഷൂട്ടിംഗ് പുരോഗമിക്കുകയായിരുന്നു. 2004ൽ ആണ് ചിത്രം പ്രഖ്യാപിച്ചത്.

നവംബർ ആറിന് നിതീഷ് തിവാരിയുടെ രാമായണ റിലീസിനു പിന്നാലെ രൺബീറിന്റേതായി തിയറ്ററുകളിലെത്തുന്ന ബിഗ് ബജറ്റ് ചിത്രമാണ് ലവ് ആൻഡ് വാർ.






# വിജയ് സേതുപതിയുടെ നായികയായി ലിജോമോൾ

വിജയ് സേതുപതി നായകനാകുന്ന പുതിയ ചിത്രം ബത്തയുടെ ട്രെയിലർ റിലീസായി. ബാലാജി തരണീധരൻ തിരക്കഥയൊരുക്കി സംവിധാനം ചെയ്യുന്ന ചിത്രം അറ്റ്ലീയാണ് നിർമിക്കുന്നത്. ലിജോമോൾ ജോസാണ് ചിത്രത്തിൽ നായികയായി എത്തുന്നത്.

1980കളുടെ പശ്ചാത്തലത്തിലാണ് ചിത്രം ഒരുക്കിയിരിക്കുന്നത്. ഒക്ടോബർ ഒന്നിന് ചിത്രം ആഗോളവ്യാപകമായി റിലീസ് ചെയ്യും.

സിനി വൺ സ്റ്റുഡിയോസും എ ഫോർ ആപ്പിൾ സ്റ്റുഡിയോയും സംയുക്തമായി നിർമ്മിക്കുന്ന ഈ ചിത്രത്തിന് സംഗീതം നൽകിയിരിക്കുന്നത് സായ് അഭയങ്കറാണ്. ആക്ഷനും വൈകാരിതയ്ക്കും ഒരുപോലെ പ്രാധാന്യം നൽകിയിരിക്കുന്ന ചിത്രത്തിൽ റെട്രോ ഗെറ്റപ്പിലാണ് വിജയ് സേതുപതിയെത്തുക.

നടുവുല കൊഞ്ചം പക്കാതെ കാണോം, സീതാകാന്തി എന്നീ ചിതങ്ങൾക്കു ശേഷം വിജയ് സേതുപതിയും ബാലാജി തരണീധരനും ഒന്നിക്കുന്ന മൂന്നാമത്തെ ചിത്രമാണിത്. സംവിധായകൻ അറ്റ്ലി അവതരിപ്പിക്കുന്ന ചിത്രം പ്രിയ അറ്റ്ലി, മുറാദ് ഖേതാനി എന്നിവർ ചേർന്നാണ് നിർമിക്കുന്നത്.

# യുഎസ്ടിയുടെ ഡി 3 സ്റ്റാർട്ടപ്പ് ചലഞ്ചിന് തുടക്കമായി

**തിരുവനന്തപുരം:** പ്രമുഖ എഐ, ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ സൊല്യൂഷൻസ് കമ്പനിയായ യുഎസ്ടി, തങ്ങളുടെ പ്രധാന ടെക്നോളജി കോൺഫറൻസായ ഡി 3 യുടെ ഭാഗമായി സ്റ്റാർട്ടപ്പുകളെ അണിനിരത്തിക്കൊണ്ടുള്ള പുതിയ മത്സരത്തിനു തുടക്കംകുറിച്ചു.

യുഎസ്ടി ഡി3 സ്റ്റാർട്ടപ്പ് ചലഞ്ച് 2026 എന്ന പേരിലുള്ള ഈ മത്സരം ലിങ്ക് ഇന്നൊവേഷൻസിന്റെ സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്നത്.

വിപ്ലവകരമായ സ്റ്റാർട്ടപ്പ് സൊല്യൂഷനുകൾ വികസിപ്പിക്കുന്ന ഇന്നൊവേറ്റർമാരെ യുഎസ്ടിയുടെ ആഗോള ടെക്നോളജി, ബിസിനസ് ടീമുകളുമായി ബന്ധിപ്പിക്കുന്നതിനും മികച്ച സാധ്യതകളുള്ള സാങ്കേതികവിദ്യകൾ കണ്ടെത്തുന്നതിനും അവ പ്രായോഗികമായി വിന്യസിക്കുന്നതിനുമുള്ള മാർഗങ്ങൾ തേടുന്നതിനുമാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്.

# യുപിഐ സേവനങ്ങളും സുരക്ഷാ നിയന്ത്രണങ്ങളും ഇനി ഒരു കുടക്കീഴിൽ

**തിരുവനന്തപുരം:** നാഷണൽ പേയ്മെൻറ്സ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ പൂർണ ഉടമസ്ഥതയിലുള്ള എൻപിസിഐ ഭീം സർവീസസ് ലിമിറ്റഡ്, ഭീം പേയ്മെൻറ്സ് ആപ്പിൽ നിർമിതബുദ്ധി അധിഷ്ഠിത സഹായ സംവിധാനമായ മൈയുപിഐ അവതരിപ്പിച്ചു.

ഇടപാട് വിവരങ്ങൾ പരിശോധിക്കൽ, പരാതികൾ നൽകുകയും പിന്തുടരുകയും ചെയ്യൽ, ഓട്ടോപേ മാൻഡേറ്റുകൾ നിയന്ത്രിക്കൽ, തട്ടിപ്പുകളെക്കുറിച്ചുള്ള സഹായം എന്നിവ ഒരിടത്ത് ലഭ്യമാക്കുന്നതാണ് പുതിയ സംവിധാനം.

ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ടുകളിലെയും യുപിഐ ആപ്പുകളിലെയും ഇടപാടുകൾ പരിശോധിക്കാനും യോഗ്യമായ പരാതികൾ നൽകാനും മൈയുപിഐയിലൂടെ സാധിക്കും.

# കേരളത്തിൽ സ്വർണപ്പണയ വായ്പകളിൽ വൻകുതിപ്പ്: മൊത്തം മൂല്യം 1.48 ലക്ഷം കോടിയായി

**കൊച്ചി:** കേരളത്തിൽ സ്വർണപ്പണയ വായ്പകളിൽ വൻകുതിപ്പ്: മൊത്തം മൂല്യം 1.48 ലക്ഷം കോടിയായി. ബാങ്കുകളിലെ സ്വർണപ്പണയ വായ്പകളിൽ റെക്കോഡ് വർധന. ജൂൺ 30വരെയുള്ള കണക്കുകൾപ്രകാരം സംസ്ഥാനത്തെ ബാങ്കുകളിലെ സ്വർണപ്പണയ വായ്പകളുടെ മൊത്തം മൂല്യം 1.48 ലക്ഷം കോടി രൂപയാണ്. രണ്ടുവർഷത്തിനിടെ 44.1 ശതമാനം വർധനയുണ്ടായി.

2024 ജൂണിൽ 1,02,654.60 കോടി രൂപയായിരുന്ന വായ്പാതുക രണ്ടുവർഷത്തിനുള്ളിൽ 45,294.31 കോടി രൂപ വർധിച്ച് 1,47,948.91 കോടി രൂപയിലെത്തി.

ബാങ്കുകൾ നൽകുന്ന കാർഷിക സ്വർണവായ്പകൾ ചരിത്രത്തിലാദ്യമായി ഒരു ലക്ഷം കോടി രൂപയെന്ന പരിധി കടന്നു. 2026 ജൂൺ അവസാനത്തോടെ ഇത് 1,06,726.41 കോടി രൂപയായി. കഴിഞ്ഞ രണ്ടുവർഷത്തിനിടെ 29,500 കോടി രൂപയുടെ വർധനവാണ് ഈ വിഭാഗത്തിലുണ്ടായത്.

കാർഷികേതര സ്വർണവായ്പകളിലാണ് ഉയർന്ന വളർച്ച രേഖപ്പെടുത്തിയത്. വായ്പാതുക 25,428.08 കോടി രൂപയിൽനിന്ന് 41,222.55 കോടി രൂപയായി ഉയർന്നു. 63 ശതമാനം വർധന.

# റാക്കോൾഡ് പ്രോൺറോ ഡാർക്ക് അഞ്ചു ലിറ്റർ വാട്ടർ ഹീറ്റർ



**കൊച്ചി:** പ്രമുഖ വാട്ടർ ഹീറ്റർ ബ്രാൻഡായ റാക്കോൾഡ് ഇറ്റാലിയൻ ഡിസൈൻ, തിളക്കമുള്ള ഡാർക്ക് ഫിനിഷ്, ഒതുക്കമുള്ള രൂപകൽപ്പന, വേഗത്തിലുള്ള ചൂടാക്കൽ തുടങ്ങിയ സവിശേഷതകൾ ഉള്ള പ്രോൺറോ ഡാർക്ക് അഞ്ചു ലിറ്റർ ഇൻസ്റ്റൻറ് വാട്ടർ ഹീറ്റർ അവതരിപ്പിച്ചു.

ഷോക്ക് പ്രൂഫ് ബോഡി, തെർമോസ്റ്റാറ്റ്, തെർമൽ കട്ട്ഔട്ട്, പ്രഷർ റിലീഫ് സംവിധാനം എന്നിവ ഉൾപ്പെടെ നിരവധി സുരക്ഷാ സംവിധാനങ്ങളും പ്രോൺറോ ഡാർക്കിലുണ്ട്.




# സിയാലിന്റെ പുതിയ പദ്ധതികൾക്ക് തുടക്കം

**നെടുമ്പാശേരി:** കൊച്ചി രാജ്യാന്തര വിമാനത്താവള കമ്പനിയുടെ (സിയാൽ) പുത്തൻ സേവനങ്ങൾക്ക് തുടക്കമായി. സിയാൽ എയ്സസ് (ഏവിയേഷൻ കൺസൾട്ടൻസി ആൻഡ് എക്സ്പേർട്ട് സർവീസസ്), പാർക്ക് ചെയ്ത വിമാനങ്ങൾക്ക് വൈദ്യുതി എത്തിക്കുന്ന ബ്രിഡ്ജ് മൗണ്ടഡ് എക്യൂപ്മെൻറ്സ് സർവീസ് (ബിഎംഇ) എന്നീ പദ്ധതികൾ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു.

സിയാലിന്റെ 32ാമത് വാർഷിക പൊതുയോഗത്തിൽ ഓഹരിയുടമകളെ അഭിസംബോധന ചെയ്യവെയാണ് പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചത്. സിയാലിന്റെ അനുഭവസമ്പത്ത് പുതിയ മേഖലകളിലേക്ക് പകർന്നുനൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വിമാനത്താവളത്തെ മൾട്ടിമോഡൽ ലോജിസ്റ്റിക് ഹബ്ബായി വികസിപ്പിക്കുക, വിമാനത്താവളവുമായി അനുബന്ധപ്പെടുത്തി ഗ്ലോബൽ കൺവൻഷൻ സെന്റർ നിർമിക്കുക, വരുമാനസാധ്യതകൾ വിപുലീകരിക്കുക, നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മികച്ച യാത്രാനുഭവം നൽകുക എന്നീ പദ്ധതികൾക്കും തുടക്കമിടുമെന്നും മുഖ്യമന്ത്രി പറഞ്ഞു. രാജ്യത്ത് ആദ്യമായാണ് ഇത്തരമൊരു സൗജന്യ സേവനം നടപ്പിലാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഓഹരിയുടമകൾക്ക് 55 ശതമാനം ലാഭവിഹിതം നൽകുന്നതിനുള്ള ഡയറക്ടർ ബോർഡിന്റെ ശുപാർശയ്ക്ക് പൊതുയോഗം അംഗീകാരം നൽകി.

വിമാനത്താവള നിർമാണ ആസൂത്രണം, റൺവേ വികസനം, കാർഗോ, ഗ്രൗണ്ട് ഹാൻഡ്ലിംഗ്, കൊമേഴ്സ്യൽ എന്നീ മേഖലകളിൽ സിയാൽ കൺസൾട്ടൻസി സേവനം നൽകും. ഇതിനാണ് സിയാൽ ഏയ്സസ് എന്ന വിഭാഗത്തിന് രൂപംനൽകിയിട്ടുള്ളത്. പശ്ചിമ ബംഗാളിലെ ദുർഗാപുർ വിമാനത്താവളത്തിലെ പാസഞ്ചർ വെരിഫിക്കേഷൻ സംവിധാനം ആദ്യപദ്ധതിയായി നടപ്പിലാക്കും.

2025-26 സാമ്പത്തികവർഷത്തിൽ 1,220 കോടി രൂപയുടെ മൊത്തം വരുമാനവും 502 കോടി രൂപയുടെ ലാഭവുമാണ് സിയാൽ നേടിയത്. 73,134 വിമാന സർവീസുകളും 1.14 കോടി യാത്രക്കാരും സിയാൽ കൈകാര്യം ചെയ്തു. സിയാൽ ഡയറക്ടർകൂടിയായ മന്ത്രി റോജി എം. ജോൺ, സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ്, കമ്പനി സെക്രട്ടറി കെ. രാജീവ്, സിഎഫ്ഒ സജി ഡാനിയേൽ എന്നിവരും പങ്കെടുത്തു.




# ബിസിനസ് മേഖലയിൽ എഐ നേട്ടങ്ങൾ കാര്യമായി ലഭിക്കുന്നില്ല: ഡോ. സജി ഗോപിനാഥ്

**കൊച്ചി:** നിലവിലുള്ള ബിസിനസ് പ്രക്രിയകളിലേക്ക് നിർമിതബുദ്ധി (എഐ) സാങ്കേതികവിദ്യ കൂട്ടിച്ചേർക്കുന്നതിനു പകരം എഐയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി പ്രവർത്തനരീതികൾതന്നെ പുനർരൂപകല്പന ചെയ്യണമെന്നു കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്.

എഐയുടെ യഥാർഥ മൂല്യം സാങ്കേതികവിദ്യയുടെ ഉപയോഗത്തിൽ മാത്രമല്ല, അതിലൂടെ ബിസിനസ് പ്രക്രിയകളിൽ വരുത്തുന്ന മാറ്റങ്ങളിലും സൃഷ്ടിക്കുന്ന ഫലങ്ങളിലുമാണെന്നും അദ്ദേഹം പറഞ്ഞു.

കേരള മാനേജ്മെൻറ് അസോസിയേഷൻ ഡിജിറ്റൽ സമ്മിറ്റ് 2026 ലുലു ട്വിൻ ടവറിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വ്യക്തിഗത ആവശ്യങ്ങൾക്കായി എഐ വ്യാപകമായി ഉപയോഗിക്കുന്നുണ്ടെങ്കിലും ബിസിനസ് മേഖലയിൽ അതിന്റെ നേട്ടങ്ങൾ പ്രതീക്ഷിച്ച രീതിയിൽ ലഭിക്കുന്നില്ലെന്ന് ഡോ. സജി പറഞ്ഞു.

കെഎംഎ പ്രസിഡൻറ് അൽജിയേഴ്സ് ഖാലിദ് അധ്യക്ഷത വഹിച്ചു. ഉദ്ഘാടന സെഷനിൽ ക്രൗഡ്സ്ട്രൈക്ക് ഗ്ലോബൽ ബിസിനസ് സർവീസസ് വൈസ് പ്രസിഡൻറ് രാജേഷ് മേനോൻ പ്രസംഗിച്ചു. ടോം ജോർജ് സ്വാഗതവും ലേഖ ബാലചന്ദ്രൻ നന്ദിയും പറഞ്ഞു.

# ആൻഡ്രോയിഡ് ഉപയോക്താക്കൾക്കായി അഡോബി പ്രീമിയർ

**കൊച്ചി:** മൊബൈൽ വീഡിയോ എഡിറ്റിങ് കൂടുതൽ എളുപ്പവും പ്രൊഫഷണലുമാക്കാൻ അഡോബി പ്രീമിയർ ആൻഡ്രോയിഡിലും ലഭ്യമാക്കി. സൗജന്യമായി ലഭിക്കുന്ന ആപ്പ് വഴി വീഡിയോകൾ എഡിറ്റ് ചെയ്യാനും 4കെ വരെ വീഡിയോകൾ എക്സ്പോർട്ട് ചെയ്യാനും കഴിയും. എന്ഹാൻസ് ഓഡിയോ, ഫ്രെയിം അക്യുറേറ്റ് എഡിറ്റിങ്, മൾട്ടിട്രാക്ക് ടൈംലൈൻ തുടങ്ങിയ ഫീച്ചറുകൾ ആപ്പിലുണ്ട്. വീഡിയോ, സംഗീതം, വോയ്സ് ഓവർ, ടെക്സ്റ്റ്, ഇഫക്റ്റുകൾ എന്നിവ ഒരുമിച്ച് ചേർക്കാനും ക്രിയേറ്റർമെയ്ഡ് ടെംപ്ലേറ്റുകൾ ഉപയോഗിക്കാനും സാധിക്കും. അഡോബിയുടെ ഫയർഫ്ലൈ അടിസ്ഥാനമാക്കിയുള്ള ജനറേറ്റീവ് എഐ ഫീച്ചറുകളും ലഭ്യമാണ്. പരസ്യങ്ങളും വാട്ടർമാർക്കും ഇല്ലാത്ത അനുഭവമാണ് ആപ്പ് നൽകുന്നത്. ആൻഡ്രോയിഡ് 13 അല്ലെങ്കിൽ അതിന് മുകളിലുള്ള പതിപ്പും കുറഞ്ഞത് 5 ജിബി റാമുമുള്ള ഉപകരണങ്ങളിൽ ഗൂഗിൾ പ്ലേ സ്റ്റോർ വഴി ആപ്പ് ലഭ്യമാണ്.




# മിറേ അസറ്റ് ഷെയർഖാനും എഎസ്കെ പ്രൈവറ്റ് വെൽത്തും കൈകോർക്കുന്നു

MIRAE ASSET Sharekhan

**കൊച്ചി:** മിറേ അസറ്റ് ഷെയർഖാനും എഎസ്കെ പ്രൈവറ്റ് വെൽത്തും തന്ത്രപ്രധാന പങ്കാളിത്തം പ്രഖ്യാപിച്ചു. മിറേ അസറ്റ് ഷെയർഖാന്റെ പുതിയ 'പ്രീമിയർ വെൽത്ത് പാർട്ണർ' വിഭാഗത്തിന് കീഴിൽ ഓതറൈസ്ഡ് ബിസിനസ് പാർട്ണറായി എഎസ്കെ പ്രൈവറ്റ് വെൽത്തിനെ ഉൾപ്പെടുത്തി. ഈ വിഭാഗത്തിൽ പങ്കാളിയാകുന്ന ആദ്യ സ്ഥാപനമാണ് എഎസ്കെ പ്രൈവറ്റ് വെൽത്ത്. എഎസ്കെയുടെ വെൽത്ത് അഡ്വൈസറി, വിപണി പരിജ്ഞാനം, ദീർഘകാല നിക്ഷേപ സമീപനം എന്നിവയ്ക്കൊപ്പം മിറേ അസറ്റ് ഷെയർഖാന്റെ ബ്രോക്കിങ് പ്ലാറ്റ്ഫോം, സാങ്കേതികവിദ്യ, ഗവേഷണം, റിസ്ക് മാനേജ്മെന്റ്, എക്സിക്യൂഷൻ സംവിധാനങ്ങൾ എന്നിവ പ്രയോജനപ്പെടുത്തും. സമ്പന്നരും ഉയർന്ന ആസ്തിയുള്ള വ്യക്തികളും ഉൾപ്പെടെയുള്ള ഉപഭോക്താക്കൾക്ക് കൂടുതൽ മികച്ച നിക്ഷേപ സേവനങ്ങളും ഡിജിറ്റൽ സൗകര്യങ്ങളും നൽകുകയാണ് പങ്കാളിത്തത്തിന്റെ ലക്ഷ്യം. എക്സിക്യൂഷൻ കാര്യക്ഷമത വർധിപ്പിക്കുന്നതിനും ദീർഘകാല ഉപഭോക്തൃ ബന്ധം ശക്തിപ്പെടുത്തുന്നതിനും സഹകരണം സഹായിക്കുമെന്ന് ഇരുകമ്പനികളും അറിയിച്ചു.

# പുതിയ സേവനങ്ങളുമായി എച്ച്ഡിഎഫ്സി ബാങ്ക്

HDFC BANK
We understand your world

**കൊച്ചി:** ഡിജിറ്റൽ രൂപയുടെ ഉപയോഗം കൂടുതൽ വ്യാപകമാക്കാൻ അഞ്ച് പുതിയ സംവിധാനങ്ങൾ അവതരിപ്പിച്ച് എച്ച്ഡിഎഫ്സി ബാങ്ക്. ക്രെഡിറ്റ് കാർഡ് റിവാർഡ് പോയിന്റുകൾ ഡിജിറ്റൽ രൂപയാക്കി മാറ്റാനുള്ള സൗകര്യം, ഉപഭോക്തൃ പ്രമോഷനുകളിൽ ഡിജിറ്റൽ രൂപ ഗിഫ്റ്റ് വൗച്ചറുകൾ നൽകൽ എന്നിവയാണ് പ്രധാന പദ്ധതികൾ. കോർപ്പറേറ്റ് നെറ്റ് ബാങ്കിങ് വഴി ജീവനക്കാരുടെ ഭക്ഷണം, ഇന്ധനം, യാത്രാ അലവൻസുകളും റീഇംബേഴ്സ്മെന്റുകളും ഡിജിറ്റൽ രൂപയിൽ നൽകാനുള്ള സംവിധാനവും ബാങ്ക് അവതരിപ്പിക്കും. ഡിജിറ്റൽ രൂപ വാലറ്റുകൾ ഭീം ആപ്പിലും ലഭ്യമാക്കും. ഇന്റർനെറ്റ് കണക്ഷനില്ലാതെയും വിമാനത്തിനുള്ളിൽ ഭക്ഷണം, പാനീയങ്ങൾ, സീറ്റ് അപ്ഗ്രേഡ് തുടങ്ങിയവയ്ക്കായി പണമടയ്ക്കാൻ കഴിയുന്ന ഓഫ്ലൈൻ സിബിഡിസി സംവിധാനവും ഉടൻ അവതരിപ്പിക്കും. റിസർവ് ബാങ്കുമായി സഹകരിച്ച് സുരക്ഷിതവും വിപുലവുമായ ഡിജിറ്റൽ രൂപ സേവനങ്ങൾ വികസിപ്പിക്കുമെന്ന് എച്ച്ഡിഎഫ്സി ബാങ്ക് അറിയിച്ചു.

# മൺസൂണിൽ ഗ്ലൂക്കോസ് നില നിരീക്ഷിക്കണമെന്ന് വിദഗ്ധർ

**കൊച്ചി:** 'ഒറ്റത്തവണ പരിശോധിക്കുന്ന ഗ്ലൂക്കോസ് നില ഒരു നിമിഷത്തെ മാത്രം വിവരമാണ് നൽകുന്നത്. തുടർച്ചയായ ഗ്ലൂക്കോസ് നിരീക്ഷണം ദിവസം മുഴുവൻ ഉണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കാൻ സഹായിക്കും, സിൽവർലൈൻ ആശുപത്രിയിലെ ഫിസിഷ്യനും ഡയബറ്റോളജിസ്റ്റുമായ ഡോ. മനോജ് ജോസഫ് പറഞ്ഞു. മൺസൂൺ കാലത്തെ കാലാവസ്ഥാ മാറ്റം, ഉയർന്ന ഈർപ്പം, അണുബാധകൾ, ദിനചര്യയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ പ്രമേഹ നിയന്ത്രണത്തെ ബാധിക്കാം. ഭക്ഷണം, ശാരീരിക പ്രവർത്തനം, സമ്മർദം, അസുഖങ്ങൾ എന്നിവ ഗ്ലൂക്കോസ് നിലയിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ ഗ്ലൂക്കോസ് മോണിറ്ററിങ് വഴി മനസ്സിലാക്കാം. മിനിറ്റുകൾ ഇടവിട്ട് ഗ്ലൂക്കോസ് നില രേഖപ്പെടുത്തുന്ന സിജിഎം സംവിധാനങ്ങൾ ഉയർന്നതോ കുറഞ്ഞതോ ആയ നിലയെക്കുറിച്ച് മുന്നറിയിപ്പുകളും നൽകും. പ്രമേഹ നിയന്ത്രണം കൂടുതൽ വ്യക്തിഗതമാക്കാനും ചികിത്സാ ചർച്ചകൾ കൂടുതൽ ഫലപ്രദമാക്കാനും സഹായിക്കുമെന്ന് വിദഗ്ധർ വ്യക്തമാക്കി.

# ഫെർട്ടിലിറ്റി കുത്തിവയ്പ്പുകളിലെ ആശങ്കകൾ ദൂരീകരിച്ച് ഐ.വി.എഫ് വിദഗ്ധൻ

**കൊച്ചി:** വന്ധ്യതാ ചികിത്സയുടെ ഭാഗമായ ഫെർട്ടിലിറ്റി കുത്തിവയ്പ്പുകളുടെ ദീർഘകാല സുരക്ഷിതത്വത്തെക്കുറിച്ചുള്ള ആശങ്കകൾ അടിസ്ഥാനരഹിതമാണെന്ന് ബിർള ഫെർട്ടിലിറ്റി ആൻഡ് ഐ.വി.എഫ് കോഴിക്കോട് സെന്ററിലെ ഫെർട്ടിലിറ്റി സ്പെഷ്യലിസ്റ്റ് ഡോ. കെ.യു. കുഞ്ഞിമൊയ്തീൻ വ്യക്തമാക്കി. ഐ.വി.എഫ് ചികിത്സയിൽ ഗോനാഡോട്രോപിനുകൾ അടങ്ങിയ ഈ കുത്തിവയ്പ്പുകൾ ഒന്നിലധികം അണ്ഡങ്ങൾ സുരക്ഷിതമായി ശേഖരിക്കുന്നതിനായി അണ്ഡാശയത്തെ ഉത്തേജിപ്പിക്കാൻ സഹായിക്കുന്നതാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഈ മരുന്നുകൾ അണ്ഡാശയത്തിന്റെ ഓവേറിയൻ റിസർവ് കുറയ്ക്കുമെന്നോ ആർത്തവവിരാമം നേരത്തെയാക്കുമെന്നോ ഉള്ള ഓൺലൈൻ ചർച്ചകളിലെ വാദങ്ങൾക്ക് വൈദ്യശാസ്ത്രപരമായ തെളിവുകളില്ല. സ്വാഭാവികമായും വികസനം നിലയ്ക്കുന്ന ഫോളിക്കിളുകളെയാണ് ഈ ചികിത്സാ ചക്രത്തിൽ ഉത്തേജിപ്പിക്കുന്നത്. ചികിത്സാ സമയത്ത് ഹോർമോൺ അളവിലുണ്ടാകുന്ന വർദ്ധനവ് താൽക്കാലികം മാത്രമാണ്. ഇത് ശാശ്വതമായ ഹോർമോൺ തടസ്സങ്ങൾക്കോ അണ്ഡാശയത്തിന്റെ വേഗത്തിലുള്ള വാർദ്ധക്യത്തിനോ കാരണമാകുന്നില്ലെന്നും വിദഗ്ധർ വ്യക്തമാക്കുന്നു.

ഓരോ രോഗിയുടെയും പ്രായം, ഓവേറിയൻ റിസർവ്, ആരോഗ്യ ചരിത്രം എന്നിവ വിലയിരുത്തി വ്യക്തിഗതമാക്കിയ അളവിലാണ് ഇത്തരം മരുന്നുകൾ നിശ്ചയിക്കുന്നത്. അൾട്രാസൗണ്ട് സ്കാനുകളും രക്തപരിശോധനകളും വഴി ഫോളിക്കിൾ വികസനം നിരന്തരം നിരീക്ഷിക്കുന്നതിനാൽ പാർശ്വഫലങ്ങൾ ലഘൂകരിക്കാനും ചികിത്സ സുരക്ഷിതമാക്കാനും സാധിക്കുന്നു. പരമാവധി ഉത്തേജനം എന്നതിലുപരി കൃത്യമായ നിരീക്ഷണവും അനുയോജ്യമായ അളവുമാണ് ഐ.വി.എഫ് ചികിത്സയിൽ പ്രധാനം.

ഫെർട്ടിലിറ്റി ചികിത്സ തേടുന്നവർ തങ്ങളുടെ ആരോഗ്യ ചരിത്രവും മുൻകാല പ്രതികരണങ്ങളും വിദഗ്ധരായ ഡോക്ടർമാരുമായി തുറന്ന് ചർച്ച ചെയ്യണമെന്ന് ഡോ. കുഞ്ഞിമൊയ്തീൻ ഓർമ്മിപ്പിച്ചു. കൃത്യമായ വൈദ്യശാസ്ത്ര വിലയിരുത്തലിലൂടെയും വ്യക്തിഗത പരിചരണത്തിലൂടെയും ഫെർട്ടിലിറ്റി കുത്തിവയ്പ്പുകൾ പൂർണ്ണമായും സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## നഗരപ്രദേശങ്ങളിലെ പത്തിൽ ഏഴ് ഇന്ത്യക്കാരും നേരത്തെ ജോലിയിൽ നിന്നും വിരമിക്കാൻ ആഗ്രഹിക്കുന്നതായി ആക്സിസ് മാക്സ് ലൈഫിന്റെ പഠനം

**കൊച്ചി:** സാമ്പത്തികമായി സുരക്ഷിതമെങ്കിൽ നഗരപ്രദേശങ്ങളിലെ പത്തിൽ ഏഴ് ഇന്ത്യക്കാരും പരമ്പരാഗത പ്രായത്തിന് മുമ്പ് ജോലിയിൽ നിന്ന് വിരമിക്കാൻ ആഗ്രഹിക്കുന്നതായി ആക്സിസ് മാക്സ് ലൈഫിന്റെ 'ഭറോസ ടോക്സ് ഐറിസ് 6.0' പഠനം. ഇതിൽ പകുതിപ്പേരും സാമ്പത്തിക സ്വാതന്ത്ര്യം നേടി 50 വയസ്സിന് മുമ്പ് വിരമിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് കാന്ററുമായി ചേർന്ന് നടത്തിയ ഇന്ത്യ റിട്ടയർമെന്റ് സ്റ്റഡി ഇൻഡക്സ് വ്യക്തമാക്കുന്നു.

അതേസമയം, സ്ഥിരവരുമാനം ആവശ്യമായി വരുമെന്നതിനാൽ തങ്ങൾക്ക് ഒരിക്കലും ജോലിയിൽ നിന്ന് വിരമിക്കാൻ കഴിയില്ലെന്ന് 45 വയസ്സിന് മുകളിലുള്ള 'ജെൻ എക്സ്+' വിഭാഗത്തിലെ 82 ശതമാനം പേരും ആശങ്കപ്പെടുന്നു. ഇതേ വിഭാഗത്തിലെ 91 ശതമാനം പേരും നേരത്തെ നിക്ഷേപം തുടങ്ങാത്തതിൽ ഖേദിക്കുന്നവരാണ്. നഗരവാസികൾ ലക്ഷ്യമിട്ട വിരമിക്കൽ സമ്പാദ്യത്തിന്റെ 28 ശതമാനം മാത്രമാണ് ഇതുവരെ സ്വരൂപിച്ചിട്ടുള്ളത്.

മറുവശത്ത്, യുവതലമുറ ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നുണ്ട്. 'ജെൻ ഇസഡ്' വിഭാഗത്തിൽപ്പെട്ട 62 ശതമാനം പേരും ഇതിനകം വിരമിക്കലിനായുള്ള നിക്ഷേപം ആരംഭിച്ചുകഴിഞ്ഞു. ആദ്യ ശമ്പളം ലഭിക്കുമ്പോൾ തന്നെ ആസൂത്രണം തുടങ്ങണമെന്നാണ് ഇവരുടെ പൊതുവായ അഭിപ്രായം.

സുഖകരമായി വിരമിക്കാൻ ഒരു കോടി രൂപ മതിയാകുമെന്ന വിശ്വാസം 77 ശതമാനത്തിൽ നിന്ന് 70 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ, മെട്രോ നഗരങ്ങൾക്ക് പുറമെ ടയർ2 നഗരങ്ങളിലും വിരമിക്കൽ തയ്യാറെടുപ്പുകൾ സജീവമാകുന്നതായും പഠനം ചൂണ്ടിക്കാണിക്കുന്നു

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com